"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കോഴിക്കോട് ജില്ല - റോഡുകളുടെ പുനരുദ്ധാരണം - ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.18/2026/DMD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:-
1. സ. ഉ. (കൈ) നം. 3/2018/DMD തീയതി, 27.03.2018
2. സ. ഉ. (സാധാ) നം. 285/2025/DMD തീയതി, 02.05.2025
3. 30.10.2025 തീയതിയിൽ കുന്ദമംഗലം എം.എൽ.എ. അഡ്വ. പി. ടി. എ. റഹീം സമർപ്പിച്ച കെ-557/2025 നമ്പർ അപേക്ഷ

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജക മണ്ഡലത്തിലെ പെരുവയൽ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട എടപ്പനത്തിൽതാഴം വളപ്പിൽ ശ്രീ ദുർഗാഭഗവതി ക്ഷേത്രം റോഡ് പ്രവൃത്തിക്ക് പരാമർശം (2) ഉത്തരവ് പ്രകാരം 5 ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത റോഡ് മണ്ണ് റോഡായതിനാൽ ഫ്ലഡ് പ്രവൃത്തികളുടെ മാനദണ്ഡങ്ങൾ പ്രകാരം പുനരുദ്ധാരണപ്രവൃത്തി നടത്താൻ സാധിക്കില്ലാത്തതിനാൽ ടി പ്രവൃത്തിയ്ക്ക് പകരം കൊടുവള്ളി നഗരസഭയിലുൾപ്പെട്ട ചോലപറമ്പത്ത് താഴെ വെള്ളച്ചാൽ റോഡ് പ്രവൃത്തിയ്ക്ക് മാറ്റി അനുവദിച്ച് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും നിർവ്വഹണം പ്രവൃത്തിയുടെ അനുവദനീയമായ പുനരുദ്ധാരണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB3/214/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 06-01-2026 10:20:28
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്